# OFFICE OF THE COCHIN DEVASWOM BOARD

**Round North, Thrissur – 680 001**
PH: 2331124, 2327028
E-mail. admin @cochindevaswomboard.org.

No. R-7471/16 Dated: 06/08/2021

## പരസ്യം

2021 ഓണാഘോഷത്തോടനുബന്ധിച്ച് ശ്രീവടക്കുന്നാഥൻ ക്ഷേത്രമൈതാനിയിൽ കിഴക്കേ ഗോപുര നടയുടെ ഇരുവശത്തുമായി ഇതു സഹിതം കൊടുത്തിട്ടുള്ള സ്കെച്ച് പ്രകാരം നിശ്ചിത അളവിൽ തയ്യാറാക്കിയ സ്റ്റാളുകളിൽ 12/08/21 മുതൽ 26/08/21 കൂടി പൂക്കച്ചവടം നടത്തുന്നതിന് ഉള്ള അവകാശം ടെണ്ടർ മൂലവും ലേലം നടപടികളിലൂടേയും 11/08/21 ന് നൽകുന്നതിന് തീരുമാനിച്ചിരിക്കുന്നു. ടെണ്ടർ സമർപ്പിക്കാനാഗ്രഹിക്കുന്നവർ 11/08/21 3.00 പി.എം ന് മുമ്പായി ടെണ്ടറുകൾ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കൊച്ചിൻ ദേവസ്വം ബോർഡ് സെക്രട്ടറിയുടെ പേരിൽ തൃശൂരിൽ മാറാവുന്ന 5000/- രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് നിരതദ്രവ്യമായി ടെണ്ടർ സഹിതം സമർപ്പിക്കേണ്ടതാണ്. ലേലം കൊള്ളാനാഗ്രഹിക്കുന്നവർ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ 11/08/21 3.00 പി.എം. ന് ഹാജരാകേണ്ടതും തൽസമയം നിരതദ്രവ്യമായി 5000/-ക കെട്ടിവെക്കേണ്ടതുമാണ്. ടെണ്ടർ സമർപ്പിച്ചവർക്കും ലേലത്തിൽ പങ്കെടുക്കാവുന്നതും ലേലത്തിനു ശേഷം ടെണ്ടറുകൾ ലഭിച്ചത് (11/08/21 ന് 3.00 പി.എം. വരെ) സന്നിഹിതരായവരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതുമാണ്.

ഓരോ സ്റ്റാളിനും കൂടുതൽ വിളിക്കുന്ന ആളുടെ സംഖ്യയാണോ ടെണ്ടർ സംഖ്യയാണോ ഏതാണ് കൂടുതൽ എങ്കിൽ അതനുസരിച്ച് ലേലം / ടെണ്ടർ ഈ വ്യക്തിയുടെ പേരിൽ ഉറപ്പിക്കുന്നതാണ്. ലേലം /ടെണ്ടർ കൊണ്ട വ്യക്തി മുഴുവൻ സംഖ്യയും തത്സമയം തന്നെ അടച്ച് രശീതി കൈപ്പറ്റേണ്ടതാണ്. തത്സമയം കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് നിർദ്ദേശിക്കുന്ന കോവിഡ് -19 മാനദണ്ഡങ്ങൾ അനുസരിച്ച് മാത്രം കച്ചവടം നടത്തുന്നതിന് ലേലം/ടെണ്ടർ കൊണ്ട വ്യക്തി ബാദ്ധ്യസ്ഥനാണ്. കോവിഡ്-19 മാനദണ്ഡങ്ങൾ തെറ്റിക്കുന്നതു മൂലം ഏതെങ്കിലും നടപടിയുണ്ടായാൽ ആയതിന് ലേലം/ടെണ്ടർ കൊണ്ട വ്യക്തി മാത്രം ബാധ്യസ്ഥനായിരിക്കുന്നതും ഇതിൽ കൊച്ചിൻ ദേവസ്വം ബോർഡിന് യാതൊരു ബാധ്യതയും ഉണ്ടായിരിക്കുന്നതുമല്ല. ഈ ലേലം/ടെണ്ടറിനെ പറ്റി എന്തെങ്കിലും കൂടുതൽ അറിയുവാൻ ആഗ്രഹിക്കുന്നവർ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസ്, തൃശൂർ ഗ്രൂപ്പ് അസിസ്റ്റന്റ് കമ്മീഷ്ണർ ഓഫീസ് ഫോൺ നമ്പർ-0487-2420163, ശ്രീവടക്കുന്നാഥൻ ദേവസ്വം ഓഫീസ്-0487-2426040 എന്നിവിടങ്ങളിൽ പ്രവൃത്തി ദിവസങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്. ലേലം/ടെണ്ടർ കൊണ്ട വ്യക്തി തന്നെ അവരവർ എടുത്ത സ്റ്റാളുകളിലെ മാലിന്യം സ്വന്തം ഉത്തരവാദിത്വത്തിൽ നീക്കം ചെയ്യേണ്ടതാണ്.

സ്റ്റാളുകളുടെ അടിസ്ഥാന വാടകയ്ക്ക് വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| സ്റ്റാൾ നമ്പർ 1 മുതൽ 11 കൂടി<br>സ്റ്റാൾ നമ്പർ 29 മുതൽ 38 കൂടി | 50,000 + GST |
| സ്റ്റാൾ നമ്പർ 12മുതൽ 28 കൂടി<br>സ്റ്റാൾ നമ്പർ 55 മുതൽ 59 കൂടി<br>സ്റ്റാൾ നമ്പർ 66 | 40,000/-+ GST |
| സ്റ്റാൾ നമ്പർ 43 | - 35,000/-+ GST |
| സ്റ്റാൾ നമ്പർ 39 മുതൽ 42 കൂടി<br>സ്റ്റാൾ നമ്പർ 44 മുതൽ 50 കൂടി<br>സ്റ്റാൾ നമ്പർ 51 മുതൽ 54 കൂടി<br>സ്റ്റാൾ നമ്പർ 60 മുതൽ 65 കൂടി | 30,000/-+ GST |
| സ്റ്റാൾ നമ്പർ 67 മുതൽ 75 കൂടി | - 25,000/-+ GST |

ടെണ്ടർ/ലേലം കൊണ്ട വ്യക്തി ലേലം കൊണ്ടതുകയുടെ നിയമപ്രകാരമുള്ള GST ചേർത്ത് അടക്കേണ്ടതാണ്. GST രജിസ്ട്രേഷൻ ഉള്ളവർ GST രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സമർപ്പിക്കേണ്ടതാണ്. കോവിഡ്-19 പ്രത്യേക സാഹചര്യത്തിൽ ലേലത്തിൽ ടെണ്ടർ/ ലേലം പങ്കെടുക്കുന്ന വ്യക്തി മാത്രമേ ലേലസമയത്ത് ഹാജരാകുവാൻ പാടുള്ളൂ. ഇവർ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. ടെണ്ടർ/ലേലം കൊണ്ടവർ ദേവസ്വം നിബന്ധനകൾക്കനുസരിച്ചുള്ള ഒരു എഗ്രിമെന്റ് 200/-ക മുദ്രപത്രത്തിൽ തയ്യാറാക്കി സമർപ്പിക്കേണ്ടതുമാണ്. ദേവസ്വം നിശ്ചയിച്ചു നൽകിയ സ്റ്റാളുകളിൽ മാത്രമേ പൂക്കച്ചവടം അനുവദിക്കുകയുള്ളൂ.

ഈ ലേലം /ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിർത്തി വെക്കുന്നതിനും വേണ്ടെന്ന് വെക്കുന്നതിനും താഴെ ഒപ്പു വെക്കുന്ന ഉദ്യോഗസ്ഥൻ/ ഉദ്യോഗസ്ഥയ്ക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ നിശ്ചയമായും കോവിഡ് - 19 മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

<u>ഉള്ളടക്കം:</u> സ്കെച്ച്

സെക്രട്ടറി (ഇൻചാർജ്ജ്)

കൊച്ചിൻ ദേവസ്വം ബോർഡ്

# TEMPORARY STALL FOR ONAM TRADE FARE

